# National AYUSH Mission

DISTRICT PROGRAMME MANAGEMENT UNIT
District Homoeo Hospital, Bazar P.O, Alappuzha 688012
Email: namaipy@gmail.com


NAM-DPMSOALPY/31/2026-DPM

തിയതി : 24.02.2026

## ക്വട്ടേഷൻ നോട്ടീസ്

നാഷണൽ ആയുഷ് മിഷൻ ആലപ്പുഴ ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് ക്വട്ടേഷൻ ക്ഷണിക്കുന്നു.

ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി : 01.03.2026 വൈകു 5 മണി

ക്വട്ടേഷൻ തുറക്കുന്ന തിയതി : 02.03.2026 പകൽ 11 മണി

ദ്യുഢത കാലയളവ് : 3 മാസം

ക്വട്ടേഷൻ ലഭിക്കേണ്ട വിലാസം : ജില്ലാ പ്രോഗ്രാം മാനേജർ
നാഷണൽ ആയുഷ് മിഷൻ
ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്
ജില്ലാ ഹോമിയോപ്പതി ആശുപത്രി ബിൽഡിങ്
ബസാർ.പി.ഒ., ആലപ്പുഴ.
ഫോൺ : 0477 2991481

നാഷണൽ ആയുഷ് മിഷൻ ആലപ്പുഴ ജില്ലാ പ്രോഗ്രാം മാനേജമെന്റ് യൂണിറ്റ് ജില്ലയിൽ വിവിധ പദ്ധതികളുടെ ഉപയോഗത്തിനായി 01/01/2020 നോ അതിനുശേഷമോ രജിസ്റ്റർ ചെയ്ത (ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ ലഭ്യമല്ലാത്തപക്ഷം 01/01/2020 മുൻപ് രജിസ്റ്റർ ചെയ്ത വാഹനങ്ങളെയും പരിഗണിക്കുന്നതാണ്) എയർ കണ്ടിഷൻ ടാക്സി വാഹന ഉടമകളിൽ നിന്നും പ്രതിമാസ നിരക്കിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

വാഹനങ്ങളുടെ തരം. മാസം ഓടേണ്ടി വരുന്ന കിലോമീറ്റർ. മറ്റു വിവരങ്ങൾ എന്നിവ താഴെ പറയുന്ന പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| Vehicle Type | Engine Capacity | Seating Capacity | Body Type | Minimum KM/Month | No. of Vehicle Required |
|---|---|---|---|---|---|
| Taxi Car with AC | 1000 cc – 1500 cc | 5 | Sedan | 1500 KM /Month | 5 |

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ "Quotation for Hiring Vehicle" എന്ന് രേഖപ്പെടുത്തേണ്ടതാണ്, ക്വട്ടേഷനുകൾ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ നേരിട്ടോ. തപാൽ മുഖേനയോ നൽകാവുന്നതാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരുകാരണവശാലും പരിഗണിക്ക ന്നതല്ല. ക്വട്ടേഷൻ നൽകുന്ന വ്യക്തിയുടെ സ്ഥാപനത്തിന്റെ പൂർണ്ണ മേൽവിലാസം . ഒപ്പ് എന്നിവ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

**വ്യവസ്ഥകൾ**

1. വാഹനങ്ങളുടെ കരാർ കാലാവധി 2027 മാർച്ച് 31 വരെ ആയിരിക്കുന്നതാണ്. എന്നാൽ പദ്ധതികളുടെ അവശ്യത്തിലേക്കായി കരാർ കാലാവധി തുടർ വർഷങ്ങളിലേക്ക് നീട്ടി നല്കുന്നതിന് ആയുഷ് മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

2. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിക്കോ . സ്ഥാപനത്തിനോ (കൊട്ടേഷണര് സ്വന്തമായോ/വാടകയ്ക്കോ. ടാക്സി രജിസ്ട്രേഷൻ ഉള്ള ഒരു കാറെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. വാടകയ്ക്കെടുത്ത വാഹനമാണെങ്കിൽ RC ഉടമയുടെ സമ്മതപത്രവും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. കൊട്ടേഷനോടൊപ്പം വാഹനത്തിന്റെ രജിസ്ട്രേഷൻ. ഇൻഷ്വറൻസ് ഉൾപ്പെടെ മോട്ടോർ വാഹനവകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന മുഴുവൻ രേഖകളും സമർപ്പിക്കേണ്ടതാണ്. മതിയായ രേഖകളില്ലാത്ത വാഹനത്തിന്റെ ക്വട്ടേഷൻ നിരസിക്കുന്നതാണ്.

4. കരാർ ലഭിക്കുന്ന ക്വട്ടേഷണർ നാഷണൽ ആയുഷ് മിഷനുമായി നിർദ്ദിഷ്ട മാതൃകയിലുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.

5. വാഹനത്തോടൊപ്പം അത് പ്രവർത്തിപ്പിക്കുന്നതിൽ ആവശ്യമായ ഇന്ധനം ഡ്രൈവർ, കാലാകാലങ്ങളിലുണ്ടാകുന്ന അറ്റകുറ്റപണികൾ എന്നിവ കൊട്ടേഷണറുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും ചിലവിലും ആണ് നിർവ്വഹിക്കേണ്ടത് എന്നുള്ള ബോധ്യ ത്തിലായിരിക്കണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

6. ആഴ്ചയിൽ 6 ദിവസം അതായത് തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മുതൽ വൈകിട്ട് 6.30 വരെ വാഹനം, പ്രവർത്തിപ്പിക്കാൻ സന്നദ്ധമായിരിക്കണം. എന്നാൽ അടിയന്തിര സാഹചര്യങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ഓഫീസർമാർ ആവശ്യപ്പെടുന്നപക്ഷം ഈ സമയപരിധിക്ക് അപ്പുറം അവധി ദിവസങ്ങളിലും വാഹനം പ്രവർത്തിപ്പിക്കുന്നതിന് ക്വട്ടേഷണർ സജ്ജമായിരിക്കണം.

2. അവധി ദിവസങ്ങളിൽ വാഹനം പ്രവർത്തിപ്പിക്കുന്നതിന് 500 രൂപ അലവൻസ് ലഭിക്കുന്നതാണ്.

8. ക്വട്ടേഷൻ വഴി തിരഞ്ഞെടുക്കപ്പെടുന്ന വാഹനം ആലപ്പുഴ ജില്ലയ്ക്ക് പുറത്ത് പ്രവർത്തിപ്പിക്കേണ്ട സാഹചര്യങ്ങളിൽ ജില്ലയ്ക്ക് പുറത്ത് stay ചെയ്യുന്ന ഓരോ ദിവസത്തിനും 500 രൂപ നിരക്കിൽ അലവൻസ് നൽകുന്നതാണ്. ഡ്രൈവറിന്റെ താമസം. ഭക്ഷണം എന്നിവ ക്വട്ടേഷണർ വഹിക്കേണ്ടതാണ്.

9. നിയമപരമായി അടയ്ക്കേണ്ട ടാക്സുകൾ. ഡ്രൈവറുടെ ശമ്പളം എന്നിവ ക്വട്ടേഷണർ വഹിക്കേണ്ടതാണ്. ആയുഷ മിഷൻ ഇതിൽ യാതൊരുതരത്തിലും |ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

10. അംഗീകൃത ഡ്രൈവിംഗ് ലൈസൻസ്. ഉത്തരവാദിത്വം. അച്ചടക്കം. സ്വഭാവശുദ്ധി എന്നിവയുള്ള ഡ്രൈവർമാരെ ആയിരിക്കണം വാഹനങ്ങളിൽ നിയോഗിക്കേണ്ടത്. ഡ്രൈവറുടെ പോലീസ്. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി എന്നിവ കരാർ വയ്ക്കുന്ന സമയത്തു ക്വട്ടേഷണർ ഹാജരാക്കേണ്ടതാണ്.

11. ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ അനുമതി ഇല്ലാതെ നിയോഗിക്കുന്ന ഡൈവറെ മാറ്റാൻ പാടുള്ളതല്ല.

12. കരാർ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കരാർ റദ്ദാക്കുന്നതിനോ. കാലാവധിയ്ക്ക് ശേഷം കരാർ പുതുക്കി നൽകുന്നതിനോ ഉള്ള അവകാശം നാഷണൽ ആയുഷ് മിഷനിൽ നിക്ഷിപ്തമായിരിക്കും.

13. വാഹനത്തിന്റെ അകവും പുറവും വൃത്തിയായി സൂക്ഷിക്കേണ്ടതും. സീറ്റുകൾ വൃത്തിയുള്ള വെള്ള ടർക്കി ഉപയോഗിച്ച് കവർ ചെയ്യേണ്ടതുമാണ്.

14. കരാർ ലഭിച്ച വാഹനത്തിൽ ക്വട്ടേഷണറുടെ ചെലവിൽ നിർദിഷ്ട മാതൃകയിലുള്ള ബോർഡ് സ്ഥാപിക്കേണ്ടതാണ്.

15. കരാർ ലഭിച്ച വാഹനം അപകടത്തിൽപെടുന്നതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് നാഷണൽ ആയുഷ് മിഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

16. മേൽപറഞ്ഞ പ്രവർത്തിദിവസങ്ങളിൽ വാഹനം ഹാജരാക്കാത്തപക്ഷം ആ ദിവസത്തെ തുക നിശ്ചിത കരാർതുകയിൽ നിന്നും കുറയ്ക്കുന്നതാണ്.

17. 1500 കിലോമീറ്ററിന് മുകളിൽ വാഹനം ഓടേണ്ടവരുന്ന സാഹചര്യങ്ങളിൽ പ്രതി കിലോമീറ്ററിന് ആവശ്യമായ തുക ക്വട്ടേഷണർ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ക്വട്ടേഷൻ നിരസിക്കുന്നതാണ്.

18. ആവശ്യമുള്ള വാഹനങ്ങളുടെ എണ്ണം 5 ആണെങ്കിലും ആയത് കൂട്ടുന്നതിനോ കുറക്കുന്നതിനോ നാഷണൽ ആയുഷ് മിഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ജില്ല പ്രോഗ്രാം മാനേജർ
നാഷനൽ ആയുഷ് മിഷൻ
ആലപ്പുഴ

# NATIONAL AYUSH MISSION

## District Programme Management & Support Unit

Alappuzha

Quotation No. NAM-DPMS0ALPY/31/2026-DPM Date : 24.02.2026

## Quotation for Vehicle

1. **Name & Address of Quotationer** : ..........................
   ..........................................................................................................
2. **Name & Address of R.C. Owner** : .......................
   ..........................................................................................................
3. **Vechicle Details**

   Reg. No. : ..............................................
   Year of Registration : ..............................................
   Body Type : ..............................................
   Engine CC : ..............................................
   A/c / Non A/c : ..............................................
   Model / Make : ..............................................
4. **Insurance Company Validity** : ...........................
5. **PUC Certificate Validity** : ...........................
6. **Amount Quoted** : Rs ......................

In words : ..........................................................................................................

7. **Amount for Extra Kilometer Quoted** : Rs.......................
8. **In words** : ..........................................................................

Date : ............................... Signature : ..................................

*Attached self attested copies of : RC, Insurance, PUC, Authorisation*
*Incomplete quotation will be rejected.*